(ഡി) അഡ്വഞ്ചർ ടൂറിസത്തോട് യുവജനങ്ങളുടെ താൽപ്പര്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ കേന്ദ്രങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) : സർ,

(എ & ബി) യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രധാനമായും യുവാക്കൾക്കായി അഡ്വഞ്ചർ കാർണിവൽ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു. യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമിയിലൂടെയും കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് സാഹസിക അക്കാഡമി സബ് സെന്റർ മുഖേനയും യുവജനക്ഷേമ ബോർഡ് നിരവധി സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സ്പെഷ്യൽ ഓഫീസർമാരാണ് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത്. ഇവരുടെ നേതൃത്വത്തിൽ പരിശീലനവും നൽകിവരുന്നുണ്ട്. നോർത്ത്-ഈസ്റ്റ് മൺസൂൺ ട്രക്കിംഗ്, ഇന്റർ സ്റ്റേറ്റ് ട്രക്കിംഗ്, ബീച്ച് ഫെസ്റ്റ്, പാരാ ഗ്ലൈഡിംഗ്, പാരാസെയിലിംഗ് തുടങ്ങിയവയാണ് അഡ്വഞ്ചർ അക്കാഡമിവഴി സംഘടിപ്പിച്ച പ്രധാന പരിപാടികൾ.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

23 (*323) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ശശികുമാർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വായ്പാ കുടിശ്ശിക നിരക്കിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ ;

(ഡി) പുതുതായി എന്തെല്ലാം വായ്പാ പദ്ധതികൾ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ഇ) വായ്പാ നടപടികൾ ലളിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കെ.എഫ്.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 791 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ അനുവദിക്കുന്നതിനാണ് ടി തുക അനുവദിച്ചത്. അതുകൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള 75 കോടി രൂപയുടെ വായ്പയ്ക്കും ഫെഡറൽ ബാങ്കിൽ നിന്നുള്ള 100 കോടി രൂപ വായ്പയ്ക്കും സംസ്ഥാന സർക്കാരിന്റെ NOC നൽകുകയുണ്ടായി. അതോടൊപ്പം കെ.എഫ്.സി.-യുടെ 200 കോടി രൂപയുടെ വായ്പയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്.

മാനേജ്മെന്റ് പ്രഗത്ഭരെ ഉൾപ്പെടുത്തി കോർപ്പറേഷന്റെ ബോർഡ് പുനഃസംഘടിപ്പിച്ചു. കോർപ്പറേഷന്റെ മേധാവിയായി മാനേജ്മെന്റ് വിദഗ്ധനെ നിയമിച്ചു. കോർപ്പറേഷനെ വിഭവ സമാഹരണത്തിന് പ്രാപ്തമാക്കുന്നതിലേക്കായി മുൻകാല നഷ്ടം എഴുതിത്തള്ളാൻ സഹായിക്കുന്ന വിധത്തിൽ 150 കോടി രൂപ മൂലധനം സർക്കാർ നൽകി. നിഷ്ക്രിയ ആസ്തികളിൽനിന്നും കഴിയുന്നത്ര തിരിച്ചടവ് ലഭിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിലേക്കായി സംരംഭക സമ്പർക്ക പരിപാടികൾ നടത്തി.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പലിശ നിരക്ക് ഏകദേശം 14% ആയിരുന്നു. അതിപ്പോൾ 10.50% മായി കുറച്ചു. കൂടാതെ പ്രവാസി മലയാളികൾക്ക് 7% നിരക്കിൽ പുനരധിവാസ വായ്പ, ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് 5% പലിശ നിരക്കിലുള്ള വായ്പ എന്നിവ നൽകുന്നുണ്ട്. കൂടാതെ വനിതാ വ്യവസായ സംരംഭകർക്ക് ആകർഷകമായ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുന്നുണ്ട്.

(സി) വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് വായ്പ കുടിശ്ശിക വന്ന സാഹചര്യങ്ങളിൽ പരമാവധി ഇളവുകൾ നൽകി വായ്പ പുനഃക്രമീകരിക്കുന്നു. കൂടാതെ വായ്പ അടച്ചുതീർത്ത് ബാധ്യതകൾ അവസാനിപ്പിക്കുന്നതിലേക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. ഇതിന്റെ ഭാഗമായി പലിശ, പിഴപ്പലിശ മുതലായവ പൂർണ്ണമായോ ഭാഗികമായോ എഴുതിത്തള്ളുകയോ, വളരെ അർഹതപ്പെട്ട കേസ്സുകളിൽ മുതലിന്റെ നിശ്ചിത ശതമാനം വരെ എഴുതിത്തള്ളുകയോ ചെയ്യാറുണ്ട്. (നിബന്ധനകൾക്ക് വിധേയമായി)

വ്യവസായ സംരംഭം പ്രായോഗികമല്ലാതെ പോകുന്ന അവസരങ്ങളിലോ പ്രധാന സംരംഭകൻ മരിച്ചു പോകുകയോ ചെയ്യുന്ന അവസരങ്ങളിൽ പിന്മുറ ഉപാധികൾക്ക് വിധേയമായി പിഴപ്പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് മുഴുവനായും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനിതാ വ്യവസായ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പകൾ, പ്രവാസി മലയാളികൾക്കുള്ള പ്രത്യേക പദ്ധതി, ഊർജ്ജ സംരക്ഷണ പദ്ധതികൾക്കുള്ള വായ്പകൾ, മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ തുടങ്ങിയവയാണ് പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വായ്പ പദ്ധതികൾ.

(ഇ) ഉണ്ട്. ജില്ലാ, മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഇടപാടുകാർക്ക് സേവനം സത്വരമാക്കി. വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി. കെ.എഫ്.സി. ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റിൽ അംഗമായിട്ടുണ്ട്. മുതൽ തിരിച്ചടയ്ക്കുവാനായി മറ്റ് ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ അവധി നൽകുന്നു.

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നു. മ്യൂച്ചൽ ഫണ്ടുകളുടെ വിതരണം, ഇൻഷുറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പുതു വ്യവസായ സംരംഭകർക്ക് പരിശീലനവും കൺസൾട്ടൻസി സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കന്നുകാലി സമ്പത്തിനെക്കുറിച്ച് കണക്കെടുപ്പ്

24 (*324) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് കണക്കെടുപ്പ് നടത്തുകയുണ്ടായോ ; എങ്കിൽ ആയത് പൂർത്തിയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചുവോ ; എങ്കിൽ വിശദമാക്കുമോ ;

(സി) തനത് ജനുസുകളുടെ പരിപാലനവും പരിരക്ഷയും ഉറപ്പുവരുത്താൻ നിലവിൽ പദ്ധതികൾ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ കർഷകർക്ക് പ്രോത്സാഹനം എന്ന നിലയിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) 2007-ൽ കണക്കെടുപ്പ് നടത്തുകയുണ്ടായി. ആയത് പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly